


സംഭാഷണം-2

ഭൂപതി അബൂബക്കർ ഹാജി

# ജമാഅത്ത് സമ്മേളനങ്ങളുടെ സവിശേഷത

**മുജാഹിദ്-ജമാഅത്ത് ബന്ധം**

മുജാഹിദ്-ജമാഅത്ത് വേർതിരിവ് ആദ്യകാലത്ത് വലിയതോതിലൊന്നും ഉണ്ടായിരുന്നില്ല. സുന്നികൾ വിമർശനപ്രസംഗത്തിൽ 'വഹാബി-മൗദൂദി'കൾ എന്നാണ് പറയുക. മുജാഹിദ് പക്ഷം ജമാഅത്തെ ഇസ്‌ലാമിയെ വിമർശിക്കാറുണ്ടായിരുന്നില്ല. ഇരുവിഭാഗവും സഹകരിച്ചാണ് പലപ്പോഴും പ്രവർത്തിച്ചിരുന്നത്. യഥാർഥത്തിൽ ജമാഅത്തെ ഇസ്‌ലാമിയും മുജാഹിദും തമ്മിൽ തുടക്കത്തിൽ ഇന്ന് പറയപ്പെടുന്ന ഇബാദത്ത്, ഹാകിമിയ്യത്ത്, ഇസ്‌ലാമിക രാഷ്ട്രീയം തുടങ്ങിയ വിഷയങ്ങളിൽ ഭിന്നതകൾ ഉണ്ടായിരുന്നില്ല. ഇന്ന് മുജാഹിദുകൾ ഉന്നയിക്കുന്ന വിമർശനങ്ങൾ പിന്നീട് സംഘടനാപരമായ താൽപര്യങ്ങളിൽനിന്ന് ഉയർന്നുവന്നതാണ്. അതിന് പല കാരണങ്ങളുമുണ്ട്.

ജമാഅത്തിലേക്ക് ആളുകൾ വന്നത് കൂടുതലായും മുജാഹിദ് വിഭാഗത്തിൽനിന്നായിരുന്നു. ഇത് സംഘടനാപരമായി മുജാഹിദുകൾ ഭീഷണിയായി കണ്ടു. ജമാഅത്തിലേക്ക് തങ്ങളുടെ പ്രവർത്തകർ ആകർഷിക്കപ്പെടുന്നുണ്ടെന്ന് മനസ്സിലാക്കിയപ്പോഴാണ് ജമാഅത്തുമായി അവർ അകലാൻ തുടങ്ങിയത്. മുജാഹിദുകാരുടെ പ്രവർത്തന ശൈലിയോടും കടുംപിടുത്തങ്ങളോടുമുള്ള വിയോജിപ്പുകൾ ജമാഅത്തിലേക്ക് ആളുകളെ അടുപ്പിച്ചു. ജമാഅത്തെ ഇസ്‌ലാമി പ്രവർത്തനങ്ങളിലെ മൗലികത, വൈവിധ്യം, ആസൂത്രണം തുടങ്ങിയ സവിശേഷതകളും ആളുകളെ ആകർഷിച്ചു. ഇതിനു തടയിടാൻ ജമാഅത്തിനെ എതിർക്കേണ്ടതുണ്ടെന്ന് അവർ മനസ്സിലാക്കി. ഇബാദത്തിന് ജമാഅത്തുകാർ ഇത്വാഅത്ത് എന്ന് അർഥം പറയുന്നുവെന്നതായിരുന്നു അവർ ആദ്യം കണ്ടെത്തിയ 'കുറ്റം!' ഇപ്പോഴാണ് മതരാഷ്ട്രവാദവും മറ്റും വരുന്നത്. ഈ വിമർശനങ്ങളൊക്കെ ശ്രദ്ധിച്ചാലറിയാം അവർക്ക് ജമാഅത്തിനെതിരെ കാര്യമായ ഒരു വിഷയവും അവതരിപ്പിക്കാനില്ലെന്ന്.

**മൗദൂദി സാഹിബിനോടൊപ്പം**

1956-ൽ ഞാൻ ഹാജി സാഹിബിനോടൊപ്പം ഹജ്ജ് നിർവഹിക്കാൻ പോയിരുന്നു. ആ വർഷം സയ്യിദ് അബുൽ അഅ്ലാ മൗദൂദി ഹജ്ജിന് വരുന്നുണ്ടെന്നറിഞ്ഞപ്പോൾ അദ്ദേഹത്തെ കാണാനുള്ള അവസരം ലഭിക്കുമെന്നുകൂടി ഹാജി സാഹിബ് പ്രതീക്ഷിച്ചു. വിവരമറിഞ്ഞപ്പോൾ ഞാനും ഹാജിസാഹിബിനോടൊപ്പം ചേർന്നു. കെ.സിയും പള്ളുരുത്തി ഹാജിയും ഹജ്ജിന് വന്നിരുന്നു.

വടക്കാഞ്ചേരിയിലെ സഅ്ദുദ്ദീൻ മൗലവി, ഉമർ മൗലവി (*സൽസബീൽ*) എന്നിവർ അന്ന് മദീനയിൽ പഠിക്കുന്നുണ്ടായിരുന്നു. ഞങ്ങളും അവരും ഒരുമിച്ച് താമസിക്കുകയുണ്ടായി. ആ ഹജ്ജ് യാത്രയിൽ ഞങ്ങൾ മൗദൂദി സാഹിബിനെ സന്ദർശിച്ചു. മക്കയിലും മദീനയിലും വെച്ച് പല പ്രാവശ്യം മൗദൂദി സാഹിബിനെ കാണാനും സംസാരിക്കാനും സാധിച്ചു. വലിയ സദസ്സുകളിലാണ് അദ്ദേഹമുണ്ടാവുക. ഉമർ മൗലവി അദ്ദേഹത്തെ കാണാൻ വരാറില്ലായിരുന്നു.

ബാഫഖി തങ്ങളും ബത്തേരിയിലെ പൗരപ്രമുഖരായ വള്ളിയിൽ മമ്മു ഹാജിയും കക്കോടൻ മമ്മു ഹാജിയും അന്ന് ഹജ്ജിന് വന്നിരുന്നു. ഒരിക്കൽ മൗദൂദി സാഹിബിനെ കാണാൻ പോകുമ്പോൾ ഞങ്ങൾ അവരെയും ക്ഷണിച്ചു. ബാഫഖി തങ്ങൾ വന്നില്ല. മറ്റു രണ്ടു പേരും വന്നു. അവർ ജമാഅത്ത് വിരുദ്ധ പക്ഷത്തുള്ളവരായിരുന്നു. കക്കോടൻ മമ്മു ഹാജി മൗദൂദി സാഹിബിന്റെ സദസ്സിൽനിന്ന് ഇടക്ക് വെച്ച് ഇറങ്ങിപ്പോന്നു. വള്ളിയിൽ മമ്മു ഹാജി ഞങ്ങളോടൊപ്പം ഇരുന്നു. അദ്ദേഹം മൗദൂദിയുടെ സംസാരം ശ്രദ്ധിച്ചു കേട്ടു. എന്തെങ്കിലും ചോദിക്കുകയോ പറയുകയോ ചെയ്തില്ല. പക്ഷേ, പുറത്തുവന്നപ്പോൾ, 'ഇങ്ങനെയുള്ള ഒരു പണ്ഡിതനാണ് മൗദൂദി എന്ന് എനിക്കറിയില്ലായിരുന്നു, ഞാനിനി മൗദൂദിയെ എതിർക്കുകയില്ല' എന്ന് അദ്ദേഹം ഞങ്ങളോട് പറഞ്ഞു.

**സമ്മേളനങ്ങളുടെ സവിശേഷത**

വളരെ ത്യാഗം സഹിച്ചുകൊണ്ടാണ് ആദ്യകാലത്ത് പ്രസ്ഥാനം സമ്മേളനങ്ങൾ സംഘടിപ്പിച്ചിരുന്നത്. വയലുകളിലാണ് മിക്കവാറും സമ്മേളനങ്ങൾ നടക്കുക. അവിടെത്തന്നെ കിടന്നുറങ്ങണം. ആദ്യം, സമ്മേളനങ്ങളിൽ നാം തന്നെ ഭക്ഷണം ഉണ്ടാക്കും. ഹോട്ടൽ കച്ചവടക്കാരോട് സമ്മേളന സ്ഥലത്ത് കാന്റീൻ നടത്താൻ പറയും. വളപട്ടണം സമ്മേളനത്തിന് ബോട്ടുജെട്ടിക്കടുത്ത് ഒരു ചായ

ക്കടക്കാരനുണ്ടായിരുന്നു. അവിടെ പോയി ചായ കുടിക്കാൻ ഇസ്സുദ്ദീൻ മൗലവി ഇടക്കിടെ പറയാറുണ്ടായിരുന്നു. കാരണം നമ്മൾ ആവശ്യപ്പെട്ടതനുസരിച്ചാണ് അദ്ദേഹമവിടെ കച്ചവടം തുടങ്ങിയത്. നമ്മുടെ സമ്മേളനങ്ങളിലെ ശ്രദ്ധേയമായ ഇനങ്ങളിലൊന്ന് ഭക്ഷണമൊരുക്കലും വിതരണവും ആയിരുന്നു. അതിന്റെ ക്രമവും ചിട്ടയും അച്ചടക്കവും എടുത്തു പറയേണ്ടതാണ്.

മറ്റു സംഘടനകളൊന്നും ജമാഅത്തിന്റേതുപോലെ സമ്മേളനങ്ങൾ സംഘടിപ്പിക്കാറുണ്ടായിരുന്നില്ല. മുജാഹിദ് സമ്മേളനം വൈകുന്നേരം നടക്കുന്ന പൊതുയോഗത്തിൽ പരിമിതമായിരുന്നു.

കാന്റീനിൽ ഒരു ബോർഡിൽ ചായയുടെയും കടികളുടെയും വില എഴുതി വെക്കാറായിരുന്നു പതിവ്. പ്രവർത്തകർ ഓരോരുത്തരും ആവശ്യമുള്ളത് സ്വയം എടുത്ത് കഴിക്കും. ബോർഡിൽ നോക്കി വില കണക്കാക്കി മേശപ്പുറത്തു വെച്ച് പോകും. ബില്ല് കൊടുക്കലും പണം വാങ്ങലുമൊന്നുമുണ്ടായിരുന്നില്ല. ഭക്ഷണം കഴിക്കുന്നവർ സ്വയം തന്നെ അതെല്ലാം ചെയ്യും. അതും അക്കാലത്ത് ആളുകൾക്കിടയിൽ വലിയ അതിശയമായിരുന്നു.

ഉയർന്ന ഉദ്യോഗസ്ഥർ, സമ്പന്നർ, പണ്ഡിതർ, നേതാക്കൾ തുടങ്ങിയ വ്യത്യാസങ്ങളില്ലാതെ ഏതു പ്രവർത്തകനും ഏതു പണിയും ചെയ്യും. വലിയ പണക്കാരും ഉയർന്ന ഉദ്യോഗങ്ങളിലിരിക്കുന്നവരും ക്ലീനിംഗ് പ്രവൃത്തികളും മറ്റും ചെയ്യുന്നത് ആളുകൾക്ക് വലിയ അത്ഭുതമായിരുന്നു. നേതാക്കളെയും അനുയായികളെയും സമ്മേളന സ്ഥലത്ത് തിരിച്ചറിയാനും പ്രയാസമായിരുന്നു. ഇതൊക്കെ പലരെയും പ്രസ്ഥാനത്തിലേക്ക് ആകർഷിക്കാൻ കാരണമായിട്ടുണ്ട്. മൂഴിക്കൽ സമ്മേളനം പ്രസ്ഥാനചരിത്രത്തിലെ ഒരു വലിയ സംഭവമായിരുന്നു. വലിയ പന്തൽ, ഇരുനൂറ് ട്യൂബ് ലൈറ്റുകൾ, ഫയർ സ്റ്റേഷൻ തുടങ്ങിയ ഭൗതിക സംവിധാനങ്ങൾ കണ്ട് ആളുകൾ അതിശയപ്പെട്ടിട്ടുണ്ട്. കുന്ദമംഗലത്തെ അമുസ്ലിം പ്രമാണിയായ കെ.പി ചോയി സമ്മേളനം കണ്ടപ്പോൾ 'ഇതുപോലൊരു സമ്മേളനം ആരും കഴിച്ചിട്ടില്ല, ഇനിയൊട്ടു കഴിക്കുകയുമില്ല' എന്ന് പറയുകയുണ്ടായി!

ആദ്യകാല പ്രവർത്തകരുടെ ആത്മാർഥതയും ത്യാഗവും എടുത്തുപറയേണ്ടതാണ്. പുതിയ തലമുറയിലെ പ്രവർത്തകർ ആ ചരിത്രം മനസ്സിരുത്തി പഠിക്കേണ്ടതുണ്ട്. വാരാന്ത യോഗങ്ങൾ പ്രവർത്തകർ ഒരിക്കലും നഷ്ടപ്പെടുത്താറുണ്ടായിരുന്നില്ല. എന്തു ത്യാഗം സഹിച്ചും കിലോമീറ്ററുകൾ നടന്നും ഹൽഖാ യോഗങ്ങളിൽ പങ്കെടുക്കും. ജമാഅത്ത് നമസ്കാരത്തിൽ പ്രവർത്തകർ അങ്ങേയറ്റം കണിശത പാലിച്ചിരുന്നു. വിമർശകർ പ്രസ്ഥാനത്തെക്കുറിച്ച് പരിഹാസത്തോടെ പറഞ്ഞിരുന്നതും അതുതന്നെയായിരുന്നു. പതി അബ്ദുൽ ഖാദിർ മുസ്ലിയാർ ഒരിക്കൽ പ്രസംഗിക്കുകയുണ്ടായി: 'മൗദൂദികളെ നിങ്ങൾക്ക് കണ്ടാലറിയാം. ബാങ്ക് കേട്ടാൽ വെള്ളം കണ്ട പോത്ത് പോകുന്നതുപോലെ അവർ പള്ളിയിലേക്ക് ഓടും.' ഇങ്ങനെ കളിയാക്കാൻ മാത്രം ശക്തമായിരുന്നു ജമാഅത്ത് നമസ്കാരങ്ങളിലെ കൃത്യനിഷ്ഠ. ഇടപാടുകളിലെ വിശ്വസ്തതയും സത്യസന്ധതയും പൊതുസമൂഹത്തിൽ പ്രവർത്തകരെ വേറിട്ടുനിർത്തിയ മറ്റൊരു ഘടകമാണ്.

## വയനാട്ടിലെ പ്രവർത്തനങ്ങൾ

1950 മുതൽ ആഴ്ചതോറും കച്ചവടാവശ്യാർഥം ഞാൻ വയനാട്ടിൽ പോകാൻ തുടങ്ങി. ഞായറാഴ്ച ബത്തേരിയിൽ പോകും. അന്നാണ് അവിടെ ഹൽഖായോഗം നടന്നിരുന്നത്. അതിലും പങ്കെടുക്കും. വയനാട് ജില്ലയിൽ ജമാഅത്ത് പ്രവർത്തനം തുടങ്ങിയത് ബത്തേരിയിൽനിന്നാണ്. പിണങ്ങോടാണ് രണ്ടാമത്തെ കേന്ദ്രം. വാഴക്കണ്ടി അബ്ദുല്ലഹാജി, ബി. മമ്മുക്ക, മല്ല്യത്ത് ഇബ്റാഹീംക്ക, അഞ്ചുമ്മൽ കാദർക്ക തുടങ്ങിയവരായിരുന്നു പ്രസ്ഥാനത്തിന് തുടക്കംകുറിച്ച പ്രവർത്തകർ. വയനാട്ടിലെ പ്രസ്ഥാന പ്രവർത്തനങ്ങൾക്ക് ആദ്യകാലം മുതലേ ധീരമായ സഹായങ്ങൾ നൽകിയ ആളാണ് സി.കെ മൊയ്തു സാഹിബ്, പിണങ്ങോട്. ഇപ്പോഴദ്ദേഹം രോഗിയാണ്. ഞാൻ കൽപറ്റയിലെത്തുന്നതിനു മുമ്പേ, കച്ചവടക്കാരനായി വയനാട്ടിലെത്തുകയും പിന്നീട് മുഴുസമയ പ്രവർത്തകനായി നിയമിക്കപ്പെടുകയും ചെയ്ത ഇസ്മാഈൽ ഹാജിയാണ് ജില്ലയിൽ പ്രസ്ഥാനത്തെ വളർത്തുന്നതിൽ കാര്യമായ പങ്കുവഹിച്ചത്. ദീർഘകാലം ഞങ്ങൾ ഒരുമിച്ച് പ്രവർത്തിച്ചിട്ടുണ്ട്. 1989-ൽ ഞാൻ കൽപറ്റയിൽനിന്ന് നാട്ടിലേക്ക് പോന്നു.

ബത്തേരിയിൽ ആദ്യഘട്ടത്തിൽ *ശുബ്ബാനുൽ മുസ്ലിമൂൻ* എന്ന ഒരു സംഘം ഉണ്ടാക്കിയിരുന്നു. എല്ലാ വിഭാഗക്കാരും അതിൽ സഹകരിച്ചിരുന്നു. സുന്നികളും അതിന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളായിരുന്നു. ബത്തേരിയിലും പരിസര പ്രദേശങ്ങളിലും ഇസ്ലാമിക ക്ലാസ്സുകൾ *ശുബ്ബാനുൽ മുസ്ലിമൂ*ന്റെ കീഴിൽ നടക്കുകയുണ്ടായി. ബത്തേരിയിൽ ആഴ്ചയിലൊരിക്കൽ ക്ലാസ്സുകളും ചർച്ചകളും നടക്കാറുണ്ടായിരുന്നു. രാത്രി 9 മണിക്കാണ് ക്ലാസ് തുടങ്ങുക. അവസാനിക്കാൻ പന്ത്രണ്ടു മണിയെങ്കിലുമാകും. ഹൽഖാ യോഗത്തിൽ, ഒരാൾ രണ്ടുകൈകളും ചേർത്തുപിടിച്ച് എല്ലാവരുടെ മുമ്പിലും ചെല്ലും; പ്രവർത്തകരൊക്കെ അതിൽ പൈസയിടും- അങ്ങനെയാണ് അന്ന് ബൈത്തുൽമാൽ ശേഖരിച്ചിരുന്നത്. ചിലർ ഒരു രൂപവരെ ബൈത്തുൽമാലിലേക്ക് കൊടുക്കും. അന്നത് വലിയ സംഖ്യയാണ്.

ബത്തേരിയിൽ പ്രസ്ഥാനത്തോട് സഹകരിച്ചിരുന്ന ചിലർ പിന്നീട് മുജാഹിദ് പക്ഷത്തേക്ക് മാറി. അധികപേരും കച്ചവടക്കാരായിരുന്നു. അന്ന് മുജാഹിദ് ആവാൻ കൂട്ടുപ്രാർഥന തുടങ്ങിയവയൊക്കെ ഉപേക്ഷിച്ചാൽ മതി. ജമാഅത്തെ ഇസ്ലാമിയെ സംബന്ധിച്ചേടത്തോളം സ്വീകരിക്കേണ്ടതും തിരസ്കരിക്കേണ്ടതുമായ പലതുമുണ്ട്. അതൊക്കെ പാലിക്കുക പലർക്കും പ്രയാസമാണ്. അങ്ങനെ കുറേപേർ ബത്തേരിയിലും മുജാഹിദ് പക്ഷത്തേക്ക് പോയി. ബത്തേരിയിലെ മുജാഹിദുകൾ ജമാഅത്തുമായി സംഘർഷത്തിലായിരുന്നു. ജമാഅത്ത് നടത്തിവന്ന മദ്റസ അവർ പിടിച്ചടക്കി. ജമാഅത്തുകാർ അത് തിരിച്ചുപിടിക്കാനൊന്നും പോയില്ല.

പിണങ്ങോട് പള്ളിയും മദ്റസയും ജമാഅത്തും മുജാഹിദും ഒരുമിച്ചാണ് നടത്തിയിരുന്നത്. അതേ രീതിയിൽ തുടരാൻ സാധ്യമാകാതെ വന്നപ്പോൾ ഇരു വിഭാഗവും പിരിയുകയായിരുന്നു. മുജാഹിദ് പക്ഷത്തുനിന്ന് കെ.പി മുഹമ്മദ് മൗലവിയും ദേവർഷോലയും ജമാഅത്തിന്റെ ഭാഗത്തുനിന്ന് ഞാനും സി.കെ മൊയ്തു ഹാജിയുമാണ് ചർച്ചയിൽ പങ്കെടുത്തത്. പള്ളി അവർക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾ ജമാഅത്തിനും ലഭിച്ചു. പിണങ്ങോട് ഇസ്ലാമിയാ കോളേജ് ഇപ്പോൾ വയനാട്ടിലെ ഏറ്റവും വലിയ ഇസ്ലാമിക വിദ്യാഭ്യാസ സ്ഥാപനമായി വളർന്നിട്ടുണ്ട്.

## കൽപറ്റയിലെ 'സമുദായം'

1950-'79 വരെയാണ് ഞാൻ ബത്തേരിയിലുണ്ടായിരുന്നത്. പിന്നീട് കൽപറ്റയായി കേന്ദ്രം. കൽപറ്റ ഒരു പ്രത്യേക പ്രദേശമാണ്. കൽപറ്റയിലെ പ്രമുഖ വ്യക്തികളുടെ വീടുകളിൽ മദ്യം സാധാരണമായിരുന്നു. അവരുടെ കൈയിലായിരുന്നു സമുദായത്തിന്റെ നേതൃത്വം. മദ്യപാനം വയനാട്ടിൽ വർധിച്ചുവന്നപ്പോൾ കൽപറ്റയായിരുന്നു അതിൽ മുന്നിൽ നിന്നത്. കൽപറ്റയിൽനിന്നാണ് മറ്റുപലസ്ഥലങ്ങളിലേക്കും മദ്യപാനം വ്യാപിച്ചത്. കൽപറ്റയിൽ ദീനിയായ ഒരു നേതൃത്വം ഉണ്ടായിരുന്നില്ല. അതുകൊണ്ട് സമുദായം ദീനീബോധത്തിൽ വളരെ പിന്നിലായിരുന്നു. ദീനിയായി ജീവിച്ചിരുന്നവർ തന്നെ പിന്നീട് മാറി. ദീനീ പ്രവർത്തനങ്ങളിൽ താൽപര്യമുണ്ടായിരുന്ന ഒരാൾ അ

വിടെ നാസ്തികനായി മാറിയതായി അറിയാം.

ജമാഅത്തെ ഇസ്‌ലാമിക്ക് കൽപറ്റയിൽ പ്രവർത്തക വൃന്ദം ഉണ്ടായത് വളരെ വൈകിയാണ്. 1979 മുതലാണ് കൽപറ്റയിലെ പ്രവർത്തനങ്ങളിൽ ഞാൻ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. 1982-ലാണ് അവിടെ പള്ളിയുണ്ടാക്കിയത്. ഇപ്പോഴാവട്ടെ കുറേ പ്രവർത്തകരുണ്ട്. കൽപറ്റയിലെ ഫാത്തിമ ഹോസ്പിറ്റലിനടുത്ത് ഞങ്ങൾ ഒരു നമസ്കാരപള്ളി നിർമിച്ചിരുന്നു. ഒരിക്കൽ എന്റെ മകനെ ഫാത്തിമ ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചു. അന്ന് നമസ്കരിക്കാൻ സൗകര്യമില്ലാതെ പ്രയാസപ്പെട്ടു. തൊട്ടടുത്തുള്ള വീട്ടിൽ പോയാണ് നമസ്കരിച്ചിരുന്നത്. അങ്ങനെയാണ് അവിടെ പള്ളിയുണ്ടാക്കാൻ തീരുമാനിച്ചത്. നമസ്കാരപള്ളി നിർമിച്ച് മേൽനോട്ടം അവിടത്തെ സുന്നി മഹല്ല് ജമാഅത്തിനെ ഏൽപിച്ചു.

കൽപറ്റയിൽ വിവിധ മുസ്‌ലിം സംഘടനകളോടും ആർ.എസ്.എസുകാർ ഉൾപ്പെടെയുള്ള അമുസ്‌ലിംകളോടും നല്ല ബന്ധം സ്ഥാപിക്കാൻ സാധിച്ചിരുന്നു. ആർ.എസ്.എസ് ജില്ലാ നേതാവ് -കാര്യവാഹക്- കേശവൻ നായർ പ്രസിഡന്റും ഞാൻ സെക്രട്ടറിയുമായി ഒരു 'സൗഹാർദ സമിതി' കൽപറ്റയിൽ ഉണ്ടാക്കിയിരുന്നു. തലശ്ശേരി കലാപത്തിന്റെ സന്ദർഭത്തിലായിരുന്നു അത്. ആർ.എസ്.എസ് സംഘടിപ്പിച്ച ഒരു സാംസ്കാരിക സമ്മേളനത്തിലും ഞാൻ പങ്കെടുത്തിട്ടുണ്ട്. അവർ ഒരു 'ജനജാഗരണ' പരിപാടി തീരുമാനിച്ചു. അതിന്റെ ഭാഗമായി എല്ലാ ആസ്ഥാനങ്ങളിലും പൊതുയോഗം നടത്താനും അതിൽ മുസ്‌ലിംകളെ പങ്കെടുപ്പിക്കാനും തീരുമാനിച്ചു. തദടിസ്ഥാനത്തിൽ കൽപറ്റയിലെ പൊതുയോഗത്തിലേക്ക് അധ്യക്ഷനായി എന്നെയും ക്ഷണിച്ചു. ഞാൻ പങ്കെടുക്കാം എന്ന് സമ്മതിച്ചു. അവർ എന്റെ പേരും ഉൾപ്പെടുത്തി നോട്ടീസ് അടിച്ചു. സമുദായത്തിൽപെട്ട ചിലർക്ക് ഞാനതിൽ പങ്കെടുക്കുന്നത് ഇഷ്ടമായില്ല. അവരെന്നോട് പോകരുതെന്ന് പറഞ്ഞു. പക്ഷേ, വാക്ക് പാലിക്കേണ്ടതുകൊണ്ട് പോകാതെ പറ്റില്ലെന്നും എന്താണ് പ്രസംഗിക്കേണ്ടതെന്ന് നിങ്ങൾക്ക് നിർദേശിക്കാം എന്നും ഞാനവരോട് പറഞ്ഞു. മുസ്‌ലിയാക്കന്മാർ ഉൾപ്പെടെ ധാരാളം മുസ്‌ലിംകൾ പരിപാടി കേൾക്കാൻ വന്നു. മഗ്‌രിബിന്റെ സമയത്ത് എനിക്ക് പ്രസംഗിക്കാൻ പറ്റില്ലെന്നും അതിനുമുമ്പോ ശേഷമോ സമയം തരണമെന്നും ഞാൻ ആർ.എസ്.എസ് ഭാരവാഹികളോട് പറഞ്ഞു. മഗ്‌രിബ് ബാങ്കിനു മുമ്പ് തന്നെ അവർ എനിക്ക് സമയം തന്നു. രാജ്യത്തിന്റെ ധാർമിക തകർച്ചയെയും എല്ലാ വിഭാഗക്കാരും ഒത്തുചേർന്ന് സമൂഹത്തെ ജീർണതയിൽനിന്ന് മോചിപ്പിക്കേണ്ടതിനെയും കുറിച്ചുമാണ് ഞാൻ പ്രസംഗിച്ചത്. ജമാഅത്തെ ഇസ്‌ലാമി ധാർമിക വിപ്ലവത്തിനാണ് ശ്രമിക്കുന്നതെന്നും പറഞ്ഞു. പ്രസംഗം കേട്ടപ്പോൾ ഇതൊക്കെയാണ് പറയുന്നതെങ്കിൽ കുഴപ്പമില്ലെന്നാണ് മുസ്‌ലിംകളിൽ പെട്ടവർ പറഞ്ഞത്.

ക്ഷേത്രങ്ങളിലെയും ചർച്ചുകളിലെയും വിശേഷ പരിപാടികളിൽ ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകർ ക്ഷണിക്കപ്പെടാറുണ്ടായിരുന്നു. കൽപറ്റ ചർച്ചിലെ 'വെഞ്ചെരിപ്പ്' പരിപാടിക്ക് ഇറ്റലിയിൽനിന്നും മറ്റും നേതാക്കൾ വന്നിരുന്നു. മുസ്‌ലിം പ്രതിനിധിയെയും ക്ഷണിച്ചു. ക്ഷണം സ്വീകരിച്ച് ഞാൻ പങ്കെടുത്ത് സംസാരിച്ചു. കൽപറ്റ, ചുണ്ടേൽ പള്ളികളിലെ അച്ചന്മാരും ബത്തേരി, മാനന്തവാടി രൂപതകളിലെ തിരുമേനിമാരുമൊക്കെയായി നല്ല ബന്ധം പുലർത്തിയിരുന്നു.

ബത്തേരി അരമനയിൽ സംഘടിപ്പിച്ച സംവാദത്തിൽ ഒ.പി അബ്ദുസ്സലാം മൗലവി, പ്രഫ. പി.പി ശാഹുൽഹമീദ്, കെ.എം റിയാലു, ഇ.എൻ ഇബ്റാഹീം മൗലവി, പി.സി ഫൈസൽ ഹാജി തുടങ്ങിയവരും ഞാനുമാണ് പങ്കെടുത്തിരുന്നത്. മൂന്നു തവണയാണ് സംവാദം നടന്നത്. കൈനാട്ടിയിലെയും കൂട്ടമുണ്ടയിലെയും ജൈനക്ഷേത്രങ്ങൾ സന്ദർശിക്കുകയും മതനേതാക്കളുമായി സൗഹൃദ സംഭാഷണങ്ങൾ നടത്തുകയും ചെയ്തിരുന്നു.

## പ്രസംഗവേദിയിൽ

മാവൂരിൽ ഒരു ഫർഖാ സമ്മേളനം നടക്കുന്നു. കൊണ്ടോട്ടി മുതൽ ഇങ്ങോട്ടുള്ള പ്രവർത്തകരൊക്കെ അതിൽ പങ്കെടുക്കുകയുണ്ടായി. മാവൂർ പാറമ്മലായിരുന്നു പൊതുയോഗം. ഹാജി സാഹിബും കെ.സിയും പ്രസംഗിക്കാനുണ്ട്. എനിക്കന്ന് പത്തൊമ്പത് വയസ്സായിട്ടുണ്ടാകും. യോഗം തുടങ്ങാനായപ്പോൾ ഹാജി സാഹിബ് എന്നെ വിളിച്ച് പ്രസംഗിക്കാൻ പറഞ്ഞു. എനിക്ക് പൊതുയോഗത്തിലൊന്നും പ്രസംഗിച്ച് പരിചയമുണ്ടായിരുന്നില്ല. അപ്പോൾ പ്രസംഗിക്കാൻ ഒരുങ്ങിയിരുന്നുമില്ല. ആളുകളുടെ മുമ്പിൽ രണ്ടുവാക്ക് പറയാൻ ജന്മനാ ഒരു കഴിവുണ്ടായിരുന്നു. അൽപം പേടിയോടെയാണെങ്കിലും ഞാൻ പ്രസംഗിക്കാൻ തുടങ്ങി. *വകദാലിക ജഅൽനാകും ഉമ്മത്തൻ വസത്വൻ......* എന്ന ആയത്ത് ഓതി ഏകദേശം 20 മിനിറ്റ് പ്രസംഗിച്ചു. ഹാജി സാഹിബ് എന്നെ അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. പുതിയ ആളുകൾ വളർന്നുവരണമെന്ന് അതിയായ ആഗ്രഹം ഹാജി സാഹിബിനുണ്ടായിരുന്നു. അതിനുവേണ്ടി കാര്യമായി ശ്രമിക്കുകയും ചെയ്തിരുന്നു. കാസർകോട്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിലെ പല പ്രദേശങ്ങളിലും ഞാൻ വളരെ മുമ്പേ പ്രസംഗിക്കാൻ പോകാറുണ്ടായിരുന്നു. വയനാട് ജില്ലയിലെ മിക്കവാറും സ്ഥലങ്ങളിൽ ഞാൻ പ്രഭാഷണങ്ങൾ നടത്തിയിട്ടുണ്ട്. പടിഞ്ഞാറത്തറയിൽ ഒരു പൊതുയോഗം നടത്താൻ തീരുമാനിച്ചു. ഒരു പീടികക്കോലായിലായിരുന്നു പരിപാടി. സ്ഥലം അനുവദിച്ച കച്ചവടക്കാരനെ ഒരു ജന്മി ഇടപെട്ട് പിന്തിരിപ്പിച്ചു. ഞങ്ങൾ പിണങ്ങോട്ടു നിന്ന് ഉച്ചഭാഷിണിയുമായാണ് പോയിരുന്നത്. അതുമായി ബസ് സ്റ്റോപ്പിൽ നിന്നു. തെരുവു വിളക്ക് പോലുമില്ല. അവസാനം റോഡരികിലെ കരിങ്കല്ലിൽ മെഴുകുതിരി കത്തിച്ചുവെച്ച് പ്രസംഗം നടത്തുകയായിരുന്നു!

'പരലോക'ത്തെക്കുറിച്ച് പല സ്ഥലങ്ങളിലും ക്ലാസ്സെടുത്തിട്ടുണ്ട്. കൂടുതൽ പഠിക്കാൻ താൽപര്യമുള്ള വിഷയമായിരുന്നു പരലോകം. കീഴുപറമ്പിലാണ് 'പരലോകം' ആദ്യം പ്രസംഗിച്ചത്. ഒരിക്കൽ അവിടെ പ്രസംഗിക്കാൻ ക്ഷണിച്ചപ്പോൾ 'പരലോക'ത്തെക്കുറിച്ച് പറയാമെന്ന് തീരുമാനിച്ചു. പിന്നീട് പലരും അതേ വിഷയത്തിൽ ക്ലാസ്സെടുക്കണമെന്ന് പറഞ്ഞ് വിളിക്കും. ആദ്യമൊക്കെ മൂന്ന് മണിക്കൂറായിരുന്നു വിഷയാവതരണം. ഇപ്പോൾ ഒരു മണിക്കൂർ പോലും ആളുകൾക്കിരിക്കാൻ മടിയാണ്. രാത്രി പ്രസംഗം കഴിഞ്ഞാൽ അവിടെത്തന്നെ താമസിക്കും. പിറ്റേന്ന് രാവിലെയാണ് തിരിച്ചുപോരുക.

ശിവപുരത്ത് ഒരിക്കൽ ജമാഅത്തിന്റെ ഒരു പരിപാടി സംഘടിപ്പിച്ചു. വയലിന്റെ ഒരുഭാഗത്താണ് പ്രസംഗിക്കാൻ സൗകര്യമൊരുക്കിയത്. ഒരു പെട്രോമാക്സും ഉച്ചഭാഷിണിയും നാലഞ്ച് പ്രവർത്തകരും അവിടെയുണ്ട്. മറുകരയിലേക്ക് ചൂണ്ടി ടി.കെ കുഞ്ഞഹമ്മദ് മൗലവി പറഞ്ഞു: 'അക്കരെ ഇരുട്ടിൽ ശ്രോതാക്കളുണ്ട്, നിങ്ങൾ പ്രസംഗിച്ചോളൂ!' ആയത്ത് ഓതി ഞാൻ പ്രസംഗം തുടങ്ങി. വിളക്കു കണ്ട് ഇയ്യാംപാറ്റകൾ ധാരാളമായി വന്നു. ഞാൻ ഓരോ വാക്ക് പറയുന്നതിനും വായ തുറക്കുമ്പോൾ ഒരു പാറ്റയെങ്കിലും അകത്ത് കടക്കും! ഒരു വിധം പണിപ്പെട്ട് അന്ന് നിർവഹിച്ച ആ പ്രസംഗം ഇന്നും മനസ്സിലുണ്ട്. ■